**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 901** **26-07-2021 - ൽ മറുപടിയ്ക്ക്**

**പൊന്തൻപ്പുഴ, പെരുമ്പെട്ടി മേഖലകളിൽ വനാതിർത്തി നിർണ്ണയ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പെരുമ്പെട്ടി, പൊന്തൻപുഴ മേഖലകളിലെ വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തുള്ള കർഷകരും നാലു തലമുറയായി ഭൂമി കൈവശം വച്ച് അനുഭവിച്ച് വരുന്ന തദ്ദേശവാസികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | വനം വകുപ്പുമായി ചേർന്ന് ഇനി പൂർത്തിയാക്കേണ്ട 15% സംയുക്ത വനാതിർത്തി നിർണ്ണയ സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തടസ്സങ്ങളുണ്ടോ; | (ബി) | മിനി സർവ്വേ ടീമിനെ നിയോഗിക്കണമെന്ന് ആവശ്യപ്പെട്ട് റാന്നി ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ആയതനുസരിച്ച് സംയുക്ത സർവേ പൂർത്തിയാക്കുന്നതാണ്. |
| (സി) | പ്രസ്തുത മേഖലയിലെ അർഹരായ കർഷകർക്കും തലമുറകളായി കൈവശാനുഭവം സിദ്ധിച്ച് വരുന്നവർക്കും പട്ടയം നൽകുവാൻ തയ്യാറാകുമോ; എങ്കിൽ എന്നത്തേക്ക് നൽകാനാകും; വ്യക്തമാക്കുമോ? | (സി) | പത്തനംതിട്ട ജില്ലയിൽ 01.01.1977-ന് മുമ്പുള്ള കുടിയേറ്റക്കാർക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി വനംവകുപ്പുമായി ചേർന്ന് കോഴിക്കോട് മിനി സർവ്വെ ടീമിനെ ഉപയോഗിച്ചു കൊണ്ട് പൊന്തൻപുഴ വനത്തിന്റെ സർവ്വെ നടപടികൾ പൂർത്തിയാക്കാൻ 2021 ജനുവരി 22ന് റവന്യൂ - വനം വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സർവ്വേ നടപടിൾ വേഗത്തിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് സർവ്വേ നടപടികൾ പൂർത്തികരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ